"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

പൊതുവിദ്യാഭ്യാസ വകുപ്പ് - കൊല്ലം കണ്ണനല്ലൂർ MGUPS മാനേജർ സർക്കാരിൽ സമർപ്പിച്ച റിവിഷൻ ഹർജി തീർപ്പാക്കി - ഉത്തരവ് പുറപ്പെടുവിക്കുന്നു

---

**പൊതുവിദ്യാഭ്യാസ (ബി) വകുപ്പ്**

**സ.ഉ.(സാധാ) നം.2477/2025/GEDN തീയതി,തിരുവനന്തപുരം, 04-04-2025**

---

പരാമർശം:-
1. സ.ഉ.(കൈ)നം. 54/2024/പൊ.വി.വ തീയതി, 01.06.2024
2. കൊല്ലം കണ്ണനല്ലൂർ MGUPS മാനേജർ 24.12.2024 തീയതിയിൽ സർക്കാരിൽ സമർപ്പിച്ച റിവിഷൻ ഹർജി
3. ചാത്തന്നൂർ ഉപജില്ലാ വിദ്യാഭ്യാസ ഓഫീസറുടെ 04.03.2024-ലെ AEOCHT/205/2025-D നമ്പർ കത്ത്
4. പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ 08.03.2025-ലെ എഫ്4/3566/2025/ഡി.ജി.ഇ നമ്പർ കത്ത്

**ഉത്തരവ്**

കൊല്ലം കണ്ണനല്ലൂർ MGUPS മാനേജർ 24.12.2024 തീയതിയായി സമർപ്പിച്ച ഹർജിയിന്മേൽ ബന്ധപ്പെട്ട കക്ഷികളുടെ വാദം 11.03.2025 തീയതിയിൽ ഗൂഗിൾ മീറ്റ് മുഖാന്തരം കേൾക്കുകയുണ്ടായി. 2022-23 വർഷം അനുവദിച്ച അധിക എൽ.പി.എസ്.ടി. തസ്തികയിൽ നിയമിക്കപ്പെട്ട ശ്രീ. മുഹമ്മദ് ഖൈസ്-ന്റെ നിയമനം 27.07.2023 പ്രാബല്യത്തിൽ അംഗീകരിച്ചു നൽകണമെന്നതാണ് ഹർജിയിലെ ആവശ്യം.

**2.** സർക്കാർ ഈ വിഷയം ഹീയറിംഗ് സമയത്തെ വാദം, സമർപ്പിക്കപ്പെട്ട രേഖകൾ, വിദ്യാഭ്യാസ ഓഫീസർമാരുടെ റിപ്പോർട്ട്, നിലവിലുള്ള ചട്ടങ്ങൾ, സർക്കാർ ഉത്തരവുകൾ, കോടതി വിധിന്യായങ്ങൾ എന്നിവയുടെ അടിസ്ഥാനത്തിൽ വിശദമായി പരിശോധിച്ചു.

**3.** 2022-23 വർഷം അനുവദിച്ച ഒരു എൽ.പി.എസ്.ടി. അധികതസ്തികയിൽ 1:1 അനുപാതപ്രകാരം സംരക്ഷിത അധ്യാപകനെ നിയമിച്ചിട്ടില്ലാത്തതിനാൽ ശ്രീ. മുഹമ്മദ് വൈസ്-ന്റെ നിയമനം വിദ്യാഭ്യാസ ഓഫീസർമാർ നിരസിച്ചുവെന്നും, സംരക്ഷിത അധ്യാപക നിയമനം സംബന്ധിച്ച വിഷയത്തിൽ ബഹു. സുപ്രീം കോടതിയിൽ നിലനിൽക്കുന്ന കേസിന്റെ അന്തിമവിധിക്ക് വിധേയമായി പ്രവർത്തിച്ചു കൊള്ളാമെന്ന മാനേജരുടെ സമ്മതപത്രം സ്വീകരിച്ച് ടി നിയമനത്തിന് അംഗീകാരം നൽകണമെന്നും ഹർജിക്കാരൻ വാദിക്കുന്നു.

**4.** G.O.(P)No.4/2021/GEDN dated 06.02.2021 പ്രകാരം 2016-17 മുതൽ 2019-20 വരെയുള്ള അധികതസ്തികയിലെ നിയമനങ്ങൾ സംരക്ഷിതാധ്യാപകരെ നിയമിച്ചു കൊള്ളാമെന്ന മാനേജരുടെ സത്യപ്രസ്താവനയുടെ അടിസ്ഥാനത്തിൽ അംഗീകരിച്ചു നൽകുന്നതിനാണ് നിർദ്ദേശിച്ചിട്ടുള്ളത്. G.O.(P)No.199/2016 dated 03.12.2016 (SRO No.752/2016) പ്രകാരമാണ് സംരക്ഷിത അധ്യാപക നിയമനം സംബന്ധിച്ച വ്യവസ്ഥകൾ KER Chapter XXI ചട്ടം (7)-ന് തുടർച്ചയായി കൂട്ടിച്ചേർക്കുകയും ടി ഭേദഗതികൾക്ക് 29.01.2016 മുതൽ പ്രാബല്യം നൽകുകയും ചെയ്തിട്ടുള്ളത്. അതിന്റെ അടിസ്ഥാനത്തിൽ നിയമനത്തിന് 1:1 അടിസ്ഥാനത്തിൽ സംരക്ഷിത അധ്യാപകരെ നിയമിച്ചിട്ടില്ലെന്ന കാരണത്താൽ ടിയാളുടെ നിയമനം നിരസിച്ച വിദ്യാഭ്യാസ ഓഫീസർമാരുടെ നടപടി ക്രമപ്രകാരമാണ്.

**5.** മേൽ സാഹചര്യത്തിൽ, 2022-23 വർഷം അനുവദിച്ച ഒരു അധിക എൽ.പി.എസ്.ടി. തസ്തികയിലുള്ള ശ്രീ. മുഹമ്മദ് വൈസ്-ന്റെ 27.07.2023 തീയതിയിലെ നിയമനം അംഗീകരിക്കണമെന്ന ആവശ്യം പരിഗണനാർഹമല്ലാത്തതിനാൽ ടി ആവശ്യം നിരസിച്ച്, മാനേജരുടെ 24.12.2024 തീയതിയിലെ റിവിഷൻ ഹർജി തീർപ്പാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

REENA O

അണ്ടർ സെക്രട്ടറി

പൊതുവിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം.

അക്കൗണ്ടന്റ് ജനറൽ (എ&ഇ/ആഡിറ്റ് ), തിരുവനന്തപുരം.

ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർ, ചാത്തന്നൂർ

മാനേജർ, കണ്ണനല്ലൂർ MGUPS, കൊല്ലം

ശ്രീ. മുഹമ്മദ് ഖൈസ്, എൽ.പി.എസ്.ടി., കണ്ണനല്ലൂർ MGUPS,

കൊല്ലം

വിവര പൊതുജന സമ്പർക്ക (വെബ് & ന്യൂമീഡിയ ) വകുപ്പ്,

കരുതൽ ഫയൽ / (B1/18/2025/GEdn)

ഉത്തരവിൻ പ്രകാരം

Signed by
Shahnakumari S L
Date: 04-04-2025 12:54:00

സെക്ഷൻ ഓഫീസർ